Department of Education

GOVERNMENT OF WESTERN AUSTRALIA

**Shaping the future**

# ഹലോ കിന്റർഗാർട്ടൻ



CC BY

# പ്രസ്താവന

**വെസ്റ്റേൺ ഓസ്ട്രേലിയയിൽ ഉടനീളം ഞങ്ങളുടെ വിദ്യാർത്ഥികൾ താമസിക്കുന്നതും വിദ്യാഭ്യാസം നേടുന്നതുമായ കരകളുടെയും സമുദ്രത്തിന്റെയും പരമ്പരാഗത സംരക്ഷകരെ ഞങ്ങൾ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു..**

പ്രായമായവരും മാതാപിതാക്കളും കുടുംബങ്ങളും കമ്മ്യൂണിറ്റികളുമാണ കുട്ടികളുടെ ആദ്യത്തെ അധ്യാപകർ എന്ന കാര്യം ഞങ്ങൾ അംഗീകരിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നു, കൂടാതെ ആദിവാസി കുട്ടികൾ ക്ലാസ്സ് മുറിയിലേക്ക എത്തിക്കുന്ന സംസ്കാരങ്ങളുടെയും ശക്തികളുടെയും മൂല്യങ്ങളെ ഞങ്ങൾ തിരിച്ചറിയുകയും വിലമതിക്കുകയും ചെയ്യുന്നു. രാജ്യം, കമ്മ്യൂണിറ്റി, ഭാഷ, സംസ്കാരം എന്നിവയുമായുള്ള തങ്ങളുടെ ബന്ധം പങ്കുവെക്കുന്നതിലൂടെയും അവരുടെ വാചികമായ ചരിത്രാഖ്യാനങ്ങളിലൂടെയും കഥകളിലൂടെയും ജീവിതാനുഭവങ്ങളിലൂടെയും തലമുറകളിൽ നിന്ന തലമുറകളിലേക്ക കൈമാറ്റം ചെയ്യപ്പെടുന്നതിലൂടെ പഠിപ്പിക്കുകയും പഠിക്കുകയും ചെയ്യുന്ന ഒരു ദീർഘമായ പാരമ്പര്യം ആദിവാസികൾക്കുണ്ട.

ആദിവാസി കുട്ടികൾ അവരുടെ വീടുകളിൽ നിന്നും കമ്മ്യൂണിറ്റികളിൽ നിന്നും ക്ലാസ്സ് മുറിയിലേക്ക കൊണ്ടുവരുന്ന പഠനത്തെ ഞങ്ങൾ തിരിച്ചറിയുകയും വിലമതിക്കുകയും ചെയ്യുന്നു.

ആദിവാസി എന്ന വാക്കിന ആദിവാസി, ആദിവാസി ടോറസ് സട്രെയിറ്റ ദ്വീപുവാസി, തദ്ദേശീയർ എന്നീ അർത്ഥങ്ങളാണുള്ളത. വ്യക്തികളെ പരാമർശിക്കുമ്പോൾ, ആദിവാസി വ്യക്തി എന്ന പദം ഉപയോഗിക്കുക.

AISWA
Association of Independent Schools of Western Australia

CATHOLIC EDUCATION
WESTERN AUSTRALIA

TRIM: D22/0714308
ISBN: 9780730746713

© വിദ്യാഭ്യാസ വകുപ്പ
വെസ്റ്റേൺ ഓസ്ട്രേലിയ 2022

**Department of Education**
151 Royal Street
East Perth WA 6004
9264 4111
**education.wa.edu.au**

ഈ മറ്റീരിയൽ ഉചിതമായ മറ്റ് രൂപങ്ങളിൽ അഭ്യർത്ഥനയ്ക്ക് വിധേയമായി ലഭ്യമാണ്.

CC BY

# എന്താണ് ഇതിൽ അടങ്ങിയിരിക്കുന്നത്

കിന്റർഗാർട്ടൻ ആരംഭിക്കുന്നത് നിങ്ങൾക്കും നിങ്ങളുടെ കുട്ടിക്കും ആവേശമുണർത്തുന്നതും പ്രധാനപ്പെട്ടതുമായ ഒരു പരിവർത്തനമാണ്! നിങ്ങളുടെ കുട്ടിയുടെ പഠന യാത്രയുടെ തുടക്കം സന്തോഷകരവും അനുകൂലവുമാക്കാൻ സഹായിക്കുന്നതിന് വേണ്ടിയാണ് ഈ ലഘുലേഖ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

കിന്റർഗാർട്ടനിലേക്ക് കുട്ടിയെ അയക്കുന്നതിന് നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും തയ്യാറെടുക്കാൻ സഹായിക്കുന്ന പ്രായോഗികമായ നുറുങ്ങുകളും, അതിനൊപ്പം നിങ്ങളുടെ കുട്ടി എന്ത് പഠിക്കും, അവരുടെ പഠന യാത്രയിൽ നിങ്ങൾക്ക് അവരെ എങ്ങനെ പിന്തുണയ്ക്കാനാവും എന്നതിനെക്കുറിച്ചുള്ള വിവരങ്ങളും നിങ്ങൾ ഇതിൽ കണ്ടെത്തും.

# എന്റെ കുട്ടിക്ക് എപ്പോൾ ആരംഭിക്കാനാവും?

**വെസ്റ്റേൺ ഓസ്ട്രേലിയയിൽ, സംസ്ഥാനത്ത് എവിടെ താമസിച്ചാലും എല്ലാ കുട്ടികൾക്കും ആഴ്ചയിൽ 15 മണിക്കൂർ കിന്റർഗാർട്ടൻ നേടാൻ കഴിയും (രണ്ടാഴ്ചയിൽ 30 മണിക്കൂർ). കിന്റർഗാർട്ടനിൽ ചേരുന്നത് മുഴുവൻ സമയ സ്കൂൾ പഠനത്തിന്റെ ആദ്യ വർഷമായ പ്രീ-പ്രൈമറിക്കായി കുട്ടികളെ തയ്യാറാക്കുന്നു.**

നിങ്ങളുടെ കുട്ടി കിന്റർഗാർട്ടൻ ആരംഭിക്കുന്ന വർഷം ജൂൺ 30-ന് 4 വയസ്സ് തികഞ്ഞിരിക്കണം - ചില കുട്ടികൾ 3 വയസ്സ് പ്രായമുള്ളപ്പോൾ കിന്റർഗാർട്ടൻ ആരംഭിക്കുകയും കിന്റർഗാർട്ടനിൽ ആയിരിക്കുമ്പോൾ 4 വയസ്സ് തികയുകയും ചെയ്യും എന്നാണ് ഇത് അർത്ഥമാക്കുന്നത്.

### നിങ്ങളുടെ കുട്ടിയുടെ ജന്മദിനം

**ജനുവരി മുതൽ ജൂൺ വരെ**
3 വയസ്സ്, 4 വയസ്സ് പ്രായമാകുന്നു: കിന്റർഗാർട്ടൻ ആരംഭിക്കുക

**ജൂലൈ മുതൽ ഡിസംബർ വരെ**
4 വയസ്സ്, 5 വയസ്സ് പ്രായമാകുന്നു: കിന്റർഗാർട്ടൻ ആരംഭിക്കുക

### സ്കൂൾ പ്രായം കാൽക്കുലേറ്റർ

education.wa.edu.au/enrolling-in-school



CC BY

# ആരംഭിക്കുന്നതിന് മുമ്പ്

**നിങ്ങളുടെ കുട്ടിയുടെ ആദ്യ അധ്യാപകൻ എന്ന നിലയിൽ, നിങ്ങൾ നിർവഹിക്കുന്ന പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. സ്കൂൾ ആരംഭിക്കുന്നതിന് മുമ്പ് തന്നെ കുട്ടികൾ പ്രധാനപ്പെട്ട പല കാര്യങ്ങളും പഠിക്കുന്നു.**

കഴിവോ അല്ലെങ്കിൽ വികസന ഘട്ടമോ പരിഗണിക്കാതെ തന്നെ, നിങ്ങളുടെ കുട്ടി കിന്റർഗാർട്ടൻ ആരംഭിക്കുമ്പോൾ അവരുടെ നിലവിലുള്ള എല്ലാ പഠനവും സവിശേഷമായ അനുഭവങ്ങളും അവർക്കൊപ്പം കൊണ്ടുവരുന്നു. കിന്റർഗാർട്ടനിൽ, അവരുടെ വിദ്യാഭ്യാസ യാത്രയുടെ അടിത്തറ രൂപപ്പെടുത്തുന്നതിന് അവർ ഈ പഠനത്തിൽ നിന്ന് കെട്ടിപ്പടുക്കുന്നു.

ചില മാതാപിതാക്കൾക്കും കുടുംബങ്ങൾക്കും കിന്റർഗാർട്ടൻ ആരംഭിക്കുക എന്ന ആശയം അൽപ്പം ഭയപ്പെടുത്തുന്നതാണ്. നിങ്ങളുടെ കുഞ്ഞ് വളരുകയാണ്! നിങ്ങളുടെ കുട്ടി മറ്റ് കുട്ടികൾക്കൊപ്പം ഏറെ ആസ്വദിക്കുകയും ആത്മവിശ്വാസവും ഉത്സാഹവുമുള്ള പഠിതാക്കളാകാൻ അവരെ സഹായിക്കുന്ന നിരവധി പുതിയ കാര്യങ്ങൾ പഠിക്കുകയും ചെയ്യുന്ന സമയമാണ് കിന്റർഗാർട്ടൻ.

നിങ്ങളുടെ ഉത്സാഹവും പ്രോത്സാഹനവും നിങ്ങളുടെ കുട്ടിയെ അതുമായി പൊരുത്തപ്പെടാൻ സഹായിക്കും. കിന്റർഗാർട്ടൻ ആരംഭിക്കുന്നതിനെക്കുറിച്ച് എന്തു തോന്നുന്നുവെന്ന് നിങ്ങളുടെ കുട്ടിയുമായി സംസാരിക്കുക - അത് ഒരേ സമയം ആവേശകരവും അൽപ്പം ഭയമുണ്ടാക്കുന്നതുമാണ്. സ്കൂളിനെക്കുറിച്ചുള്ള നിങ്ങളുടെ ഓർമ്മകൾ പങ്കുവയ്ക്കുന്നത് കിന്റർഗാർട്ടൻ തുടങ്ങുന്നതിൽ നിങ്ങളുടെ കുട്ടിക്ക് കൂടുതൽ ആത്മവിശ്വാസം തോന്നാൻ സഹായിക്കും. നിങ്ങൾക്ക് വിഷമിപ്പിക്കുന്ന ചില അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, പുതിയ സുഹൃത്തുക്കളെ ഉണ്ടാക്കുന്നത് പോലെ നിങ്ങളുടെ ചില സന്തോഷകരമായ ഓർമ്മകൾ നിങ്ങളുടെ കുട്ടിയുമായി പങ്കുവെയ്ക്കുക.

# തയ്യാറെടുപ്പ്

### നിങ്ങളുടെ കുട്ടിക്ക് എന്തൊക്കെ ആവശ്യമുണ്ട്



**ഒരു ബാഗ്**



**ഒരു തൊപ്പി**



**ഒരു വാട്ടർ ബോട്ടിൽ**



**ഒരു ലഞ്ച് ബോക്സ്**
ഉച്ചഭക്ഷണവും കുറച്ച് ലഘുഭക്ഷണങ്ങളും



**മാറ്റാനുള്ള വസ്ത്രം**
സോക്സും അടിവസ്ത്രവും ഉൾപ്പെടെ

നിങ്ങളുടെ കുട്ടിക്ക് മറ്റെന്താണ് ആവശ്യമുണ്ടാവുകയെന്ന് നിങ്ങളുടെ സ്കൂളിലോ കമ്മ്യൂണിറ്റി കിന്റർഗാർട്ടനിലോ അന്വേഷിക്കുക.

---

### അധ്യാപകനെ കാണൽ

നിങ്ങളുടെ കുട്ടിയുടെ അധ്യാപകനെ അറിഞ്ഞിരിക്കേണ്ടത് പ്രധാനമാണ്. പകൽ സമയത്ത് എന്താണ് സംഭവിക്കുന്നതെന്ന് പറയാനും നിങ്ങളുടെ കുട്ടി കിന്റർഗാർട്ടൻ ആരംഭിക്കുന്നതിനെക്കുറിച്ച് നിങ്ങൾക്ക് ഉണ്ടായേക്കാവുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകാനും അധ്യാപകന് കഴിയും. അധ്യാപകന് നിങ്ങളെക്കുറിച്ച് അറിയാനും നിങ്ങളുടെ കുട്ടിക്ക് അറിയാവുന്ന കാര്യങ്ങളെക്കുറിച്ച് മനസ്സിലാക്കാനും അവരെ എങ്ങനെ മികച്ച രീതിയിൽ പിന്തുണയ്ക്കാം എന്നതിനെക്കുറിച്ചും അറിയാനുള്ള ഒരു അവസരം കൂടിയാണ് ഇത്.
പല സ്കൂളുകളും സ്കൂൾ വർഷം ആരംഭിക്കുന്നതിന് മുമ്പ് കുടുംബങ്ങൾക്കായി ഓറിയന്റേഷൻ സെഷനുകൾ നടത്തുന്നുണ്ട്. അധ്യാപകനെയും മറ്റ് കുടുംബങ്ങളെയും കാണാനും ആ വർഷം എന്താണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് അറിയാനുമുള്ള മികച്ച അവസരമാണിത്.

പൊതുവിദ്യാലയങ്ങളിൽ ആദിവാസികളുടെയും ടോറസ് സ്ട്രെയിറ്റ് ദ്വീപുവാസി വംശജരുടെയും കുടുംബങ്ങൾക്ക് ആദിവാസികളും ദ്വീപുവാസികളുമായ വിദ്യാഭ്യാസ ഓഫീസർമാരുടെ പിന്തുണയുണ്ട്; സർക്കാർ ഇതര സ്കൂളുകളിലും സമാനമായ പിന്തുണ നൽകിയേക്കാം.
അധ്യാപകനുമായി കൂടിക്കാഴ്ച നടത്തുമ്പോൾ ഒരു വ്യാഖ്യാതാവിനെ ഉപയോഗിക്കുന്നതിന് കുടുംബങ്ങൾക്ക് സ്കൂളുമായി ചേർന്ന് ക്രമീകരണം നടത്താനാവും.
ആവശ്യമെങ്കിൽ, ഒരു അധിക ഭാഷയായി ഇംഗ്ലീഷ് സംസാരിക്കുന്ന കുടുംബങ്ങൾക്കായി അധ്യാപകരുമായുള്ള കൂടിക്കാഴ്ചകളിൽ ഒരു വ്യാഖ്യാതാവിനെ ക്രമീകരിക്കാൻ സ്കൂളിനോ കമ്മ്യൂണിറ്റി കിന്റർഗാർട്ടനോ കഴിയും.



cc BY

# ദിനചര്യകൾ

## വസ്ത്രം ധരിക്കൽ

നിങ്ങളുടെ കുട്ടിക്ക് യൂണിഫോം ആവശ്യം വരുകയോ വരാതിരിക്കുകയോ ചെയ്തേക്കാം. സൗകര്യമാണ് പ്രധാനം, അതിനാൽ അവരെ പ്രായോഗികമായ വസ്ത്രങ്ങളും ഉചിതമായ ഷൂവും ധരിപ്പിക്കുക. അലങ്കോലമാകുന്നത് കിന്റർഗാർട്ടനിലെ പഠനത്തിന്റെ ഭാഗമാണ്, അതുകൊണ്ട് മടങ്ങിയെത്തുമ്പോൾ കുട്ടിയുടെ ദേഹത്ത് അൽപ്പം അഴുക്കോ പെയിന്റോ പശയോ പോലും ഉണ്ടാവാം എന്നത് പ്രതീക്ഷിക്കുക. സ്കൂളിലെ ആദ്യ ദിവസത്തിന് മുമ്പ് വസ്ത്രം ധരിക്കുന്നത് പരിശീലിക്കുന്നത് നല്ല കാര്യമാണ് - നിങ്ങളുടെ കുട്ടിക്ക് സഹായമില്ലാതെ വസ്ത്രം ധരിക്കാനും മാറ്റാനും കഴിയുമെങ്കിൽ അത് ഒരുങ്ങുന്നത് എളുപ്പമാക്കും.

നിങ്ങളുടെ കുട്ടി പുറത്തായിരിക്കുമ്പോൾ ഒരു തൊപ്പി ധരിക്കാൻ പ്രോത്സാഹിപ്പിക്കുക, കാരണം അവർ കിന്റർഗാർട്ടനിൽ പുറത്ത് കളിക്കുമ്പോൾ തൊപ്പി ധരിക്കേണ്ടതുണ്ട്. നിങ്ങളുടെ കുട്ടിയുടെ വസ്ത്രങ്ങൾ, ലഞ്ച് ബോക്സ്, തൊപ്പി, ബാഗ്, ഷൂസ് എന്നിവയിൽ പേരെഴുതാൻ ഓർമ്മിക്കുക. കിന്റർഗാർട്ടനിൽ നഷ്ടപ്പെട്ട വസ്തുക്കൾക്കുള്ള ഒരു പെട്ടി ഉണ്ടായിരിക്കും.

## കിന്റർഗാർട്ടനിലേക്കുള്ള യാത്ര

കിന്റർഗാർട്ടനിലേക്ക് പോകാൻ നിരവധി മാർഗങ്ങളുണ്ട്. നിങ്ങൾ ഏത് രീതിയിൽ അവിടെയെത്താൻ തീരുമാനിച്ചാലും, നിങ്ങളുടെ കുട്ടി സുരക്ഷിതനാണെന്ന് ഉറപ്പാക്കുക.



### നടത്തം

- റോഡുകൾക്കും ട്രാഫിക്കിനും സമീപം അവർ കൈകൾ പിടിക്കേണ്ടത് എന്തുകൊണ്ടാണെന്ന് നിങ്ങളുടെ കുട്ടിയോട് പറയുക.
- ട്രാഫിക് നിയമങ്ങൾ, റോഡ് അടയാളങ്ങൾ എന്നിവ പാലിച്ചുകൊണ്ട് സുരക്ഷിതമായ കാൽനട യാത്രക്കാരുടെ പെരുമാറ്റം മാതൃകയാക്കുക, റോഡ് മുറിച്ച് കടക്കാൻ സുരക്ഷിതമായ സ്ഥലങ്ങൾ തിരഞ്ഞെടുക്കുക.



### ഡ്രൈവിംഗ്

- നിങ്ങളുടെ കുട്ടിയുടെ സീറ്റ് ബെൽറ്റ് എപ്പോഴും സുരക്ഷിതമായി മുറുക്കുകയും, അവർ എപ്പോഴും ഒരു അംഗീകൃത ചൈൽഡ് കാർ റെസ്ട്രെയിന്റ് ധരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക.
- നിങ്ങളുടെ കുട്ടിയെ കാറിൽ കയറ്റാനും ഇറക്കാനും, കെർബിനോട് ചേർന്നുള്ളതും, ട്രാഫിക്കിൽ നിന്ന് അകന്നുള്ളതുമായ പിന്നിലെ പാസഞ്ചർ ഡോർ ഉപയോഗിക്കാൻ ശുപാർശ ചെയ്യുന്നു.



### സൈക്ലിംഗ്, ടോവിംഗ്, സ്കൂട്ടിംഗ്

- ഒരു ബൈക്ക് ട്രെയിലറിലോ ബൈക്ക് സീറ്റിലോ ആണെങ്കിൽപ്പോലും എല്ലാവരും ഹെൽമറ്റും ഷൂസും ധരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുക.
- ഇടതുവശം ചേർന്ന് യാത്ര ചെയ്യുകയും ബെൽ ഉപയോഗിച്ച് നിങ്ങൾ വരുന്നുണ്ടെന്ന് ആളുകളെ അറിയിക്കുകയും ചെയ്ത് സുരക്ഷിതമായ സൈക്ലിംഗ് പെരുമാറ്റം മാതൃകയാക്കുക.

**ഡ്രോപ്പ് ഓഫ്, പിക്ക് അപ്പ് നടപടിക്രമങ്ങൾ എന്താണെന്ന് നിങ്ങളുടെ സ്കൂളിലോ കമ്മ്യൂണിറ്റി കിന്റർഗാർട്ടൻ അധ്യാപകനോടോ പരിശോധിക്കുക.**



CC BY

# പഠനം

**കിന്റർഗാർട്ടനിൽ കുട്ടികൾ കളിയിലൂടെ പഠിക്കുന്നു - അവരുടെ പഠനം അവർ വീട്ടിലും മറ്റ് സ്ഥലങ്ങളിലും നിന്ന് പഠിച്ച കാര്യങ്ങളെഅടിസ്ഥാനമാക്കിയുള്ളതാണ്.**

ആദ്യ വർഷങ്ങളിലെ പഠന പരിപാടികൾ ഏർലി ഇയേഴ്സ ലേണിംഗ ഫ്രെയിംവർക്ക, WA കിന്റർഗാർട്ടൻ കരിക്കുലം ഗൈഡലൈൻസിന്റെയും അഞ്ച ഫലങ്ങളാൽ രൂപപ്പെട്ടതാണ:

- കുട്ടികൾക്ക ശക്തമായ ഒരു തിരിച്ചറിയൽ ബോധമുണ്ട
- കുട്ടികൾ അവരുടെ ലോകവുമായി ബന്ധപ്പെടുകയും അതിന സംഭാവന ചെയ്യുകയും ചെയ്യുന്നു
- കുട്ടികൾക്ക സൗഖ്യത്തെക്കുറിച്ചുള്ള ശക്തമായ ബോധം ഉണ്ട
- കുട്ടികൾ ആത്മവിശ്വാസമുള്ളവരും പഠനത്തിൽ തൽപ്പരരുമാണ
- കുട്ടികൾ ഫലപ്രദമായി ആശയവിനിമയം ചെയ്യുന്നവരാണ.

കിന്റർഗാർട്ടൻ അധ്യാപകർ കുട്ടികളുടെ ആശയങ്ങളോട പ്രതികരിക്കുകയും പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ കളിക്കുകയും ചെയ്യുന്നു.

## നിങ്ങളുടെ കുട്ടി നിരവധി വ്യത്യസ്തമായ പഠന പ്രവർത്തനങ്ങൾ അനുഭവിച്ചറിയും



**പെയിന്റിംഗ, ചിത്രംവരയക്കൽ, മുറിക്കൽ, ഒട്ടിക്കൽ**



**പസിലുകളും നിർമ്മാണ കളിയും**



**പുസ്തകങ്ങൾ അടുത്തറിയൽ, കഥകൾ കേൾക്കലും കഥ പറച്ചിലും**



**സംസാരവും കേൾക്കലും**



**വേഷം കെട്ടലും സാങ്കൽപ്പിക അഭിനയവും**



**പാട്ടുപാടൽ, കേൾക്കൽ, സംഗീതം പ്ലേ ചെയ്യൽ**



**നൃത്തവും നാടകവും**



**കയറൽ, ബാലൻസിംഗ്, ഓട്ടം, ചാട്ടം**



**ഡിജിറ്റൽ സാങ്കതേികവിദ്യകൾ ഉപയോഗിക്കൽ**



**കളിമണ്ണ്, പ്ലേ ഡഫ്, മണൽ, വെള്ളം എന്നിവ ഉപയോഗിച്ചുള്ള കളി**



**മറ്റ് കുട്ടികളുമായി പങ്കിടാനും സ്വാതന്ത്ര്യം വികസിപ്പിക്കാനുമുള്ള അവസരങ്ങൾ**



CC BY

## നിങ്ങളുടെ കുട്ടിയുടെ പഠനത്തെ പിന്തുണയ്ക്കൽ

മാതാപിതാക്കളും കുടുംബങ്ങളും അധ്യാപകരും ഒരുമിച്ച് പ്രവർത്തിക്കുമ്പോഴാണ് കുട്ടികൾ നന്നായി പഠിക്കുന്നത്. മറ്റാരേക്കാളും നന്നായി നിങ്ങളുടെ കുട്ടിയെ നിങ്ങൾക്ക് അറിയാം - നിങ്ങളുടെ കുട്ടിയുടെ താൽപ്പര്യങ്ങളെയും കഴിവുകളെയും കുറിച്ചുള്ള വിവരങ്ങൾ അവരുടെ അധ്യാപകനുമായി പങ്കിടുന്നത് നിങ്ങളുടെ കുട്ടിയെ കിന്റർഗാർട്ടനിൽ നിന്ന് പരമാവധി ഗുണം നേടാൻ സഹായിക്കുന്നു. വികാസത്തിൽ കാലതാമസമോ വൈകല്യമോ ഉള്ള കുട്ടികൾ കിന്റർഗാർട്ടൻ പ്രോഗ്രാമുകളിൽ പങ്കെടുക്കുന്ന വൈവിധ്യമാർന്ന വിദ്യാർത്ഥികളുടെ ഭാഗമാണ്.

വികാസത്തിൽ കാലതാമസമോ വൈകല്യമോ ഉള്ള കുട്ടികൾക്ക് അധിക ആസൂത്രണവും പിന്തുണയും ആവശ്യമായതിനാൽ,ജീവനക്കാർ, കുടുംബങ്ങൾ, മറ്റ് ഏജൻസികൾ (തെറാപ്പി ദാതാക്കൾ പോലുള്ളവ) എന്നിവ തമ്മിലുള്ള സഹകരണം പ്രയോജനകരമായേക്കാം.
പല കിന്റർഗാർട്ടനുകളും രക്ഷിതാക്കൾക്കും പരിചരിക്കുന്നവർക്കും സഹായികളായി സന്നദ്ധസേവനം നടത്താനുള്ള അവസരം നൽകുന്നു. കിന്റർഗാർട്ടനിലെ നിങ്ങളുടെ കുട്ടിയുടെ അനുഭവത്തെക്കുറിച്ച് മികച്ച ധാരണയും മറ്റ് മാതാപിതാക്കളെ കാണാനുള്ള അവസരവും സന്നദ്ധപ്രവർത്തനം വഴി നിങ്ങൾക്ക് ലഭിക്കും. ചില കിന്റർഗാർട്ടനുകളും മാതാപിതാക്കളെ ഓൺലൈനിൽ പരസ്പരം ബന്ധപ്പെടുന്നത് പ്രോത്സാഹിപ്പിക്കുന്നു, ഉദാഹരണത്തിന് സോഷ്യൽ മീഡിയ അല്ലെങ്കിൽ ഒരു ആപ്പ് വഴി.







### കിന്റർഗാർട്ടനിൽ നിങ്ങളുടെ കുട്ടിക്ക് പിന്തുണ നൽകാൻ നിരവധി മാർഗങ്ങളുണ്ട്.

നിങ്ങളുടെ കുട്ടിയോട് ഓരോ ദിവസവും അവർ ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കുക - ഇത് വീടും സ്കൂളും തമ്മിൽ ബന്ധം സ്ഥാപിക്കാൻ സഹായിക്കുന്നു, നിങ്ങൾക്ക് കുട്ടികളിലും അവർ ചെയ്യുന്ന കാര്യങ്ങളിലും താൽപ്പര്യമുണ്ടെന്ന് കാണിക്കുക.

പുറത്ത് കളിക്കുന്നത്, ഉദാഹരണത്തിന്, കളിസ്ഥലങ്ങളിൽ കളിക്കുന്നത്, നിങ്ങളുടെ കുട്ടിയെ കൂടുതൽ കരുത്തോടെ വളരാനും ആത്മവിശ്വാസം നേടാനും സഹായിക്കുകയും, ശ്രദ്ധ കേന്ദ്രീകരിക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനും സഹായിക്കുന്ന മസ്തിഷ്കത്തിന്റെ ഭാഗം ഉപയോഗിക്കുകയും ചെയ്യുന്നു.

പുസ്തകങ്ങൾ ഒരുമിച്ചിരുന്ന് വായിക്കുന്നത്, എഴുതിയ വാക്കുകൾക്ക് അർത്ഥമുണ്ടെന്നും ഏറെ രസം നൽകുമെന്നും മനസ്സിലാക്കാൻ നിങ്ങളുടെ കുട്ടിയെ സഹായിക്കുന്നു. എഴുത്തും വായനയും പഠിക്കാൻ ഇത് അവരെ സഹായിക്കുന്നു.



പാട്ടുകൾ പാടുന്നതും സംഗീതം സൃഷ്ടിക്കുന്നതും നൃത്തം ചെയ്യുന്നതും നിങ്ങളുടെ കുട്ടിയെ അവരുടെ ഓർമ്മശക്തി വികസിപ്പിക്കാനും വികാരങ്ങൾ പ്രകടിപ്പിക്കാനും സഹായിക്കുന്നു.



വസ്തുക്കൾ നിർമ്മിക്കുക – കളിപ്പാട്ടങ്ങൾ, മണ്ണ്, കാർഡ്ബോർഡ്, പ്രകൃതിദത്തമായ വസ്തുക്കൾ എന്നിവ നിങ്ങളുടെ കുട്ടിയെ അവരുടെ മികച്ച ചലന ശേഷികൾ വികസിപ്പിക്കാനും, സർഗ്ഗാത്മകത പുലർത്താനും, പ്രശ്നം പരിഹരിക്കാനും സഹായിക്കുന്നു.



സാങ്കൽപ്പികമായി നടിക്കൽ, അതായത് കട പോലെ കളിക്കുന്നത്, നിങ്ങളുടെ കുട്ടിയെ മറ്റുള്ളവരുമായി ഇടപഴകാനും പങ്കുവെയ്ക്കാനും അവസരങ്ങൾ വിനിയോഗിക്കാനും പഠിക്കാൻ സഹായിക്കുന്നു. അവർ സംസാരിക്കുന്നതും എണ്ണുന്നതും അടുക്കുന്നതും പോലുള്ള ലളിതമായ ഗണിതവും പരിശീലിക്കുന്നു.

CC BY

# ആരോഗ്യത്തോടെയിരിക്കൽ

**ആരോഗ്യമുള്ള ശരീരം ഓരോ ദിവസവും നിങ്ങളുടെ കുട്ടിയെ ഏറ്റവും മികവോടെയിരിക്കാൻ സഹായിക്കുന്നു.**

### ഉറക്കം

നിങ്ങളുടെ കുട്ടിക്ക ആവശ്യത്തിന ഉറക്കം ലഭിക്കുന്നുവെന്ന ഉറപ്പാക്കുക. ഒരു പതിവായുള്ള ഉറക്ക തയ്യാറെടുപ്പും ഉറങ്ങാനുള്ള സമയവും ഉണ്ടായിരിക്കുക.

### പ്രഭാത ഭക്ഷണം

പോഷകസമൃദ്ധമായ ഒരു പ്രഭാതഭക്ഷണം നിങ്ങളുടെ കുട്ടിയെ ആ ദിവസത്തിന സജ്ജമാക്കുന്നു - വിശന്നിരുന്ന പഠിക്കുന്നത കുട്ടികൾക്ക ബുദ്ധിമുട്ടാണ.

### ലഞ്ചബോക്സ

നിങ്ങളുടെ കുട്ടി ഇഷ്ടപ്പെടുന്നതും, കഴിക്കുകയും ചെയ്യുന്നതായി നിങ്ങൾക്കറിയാവുന്ന ആരോഗ്യകരമായ ഭക്ഷണമുള്ള ഒരു ലഞ്ച ബോക്സ തയ്യാറാക്കുക. സഹായമില്ലാതെ എങ്ങനെ ഭക്ഷണം തുറക്കാമെന്നും കഴിക്കാമെന്നും പഠിക്കാൻ നിങ്ങളുടെ കുട്ടിയെ സഹായിക്കുക.

### പ്രതിരോധ കുത്തിവയ്പ്പ

നിങ്ങളുടെ കുട്ടിയുടെ പ്രതിരോധ കുത്തിവയ്പ്പ ഷെഡ്യൂൾ അവർക്ക കിന്റർഗാർട്ടനിലേക്ക പോകുന്നതിനായി കാലികമായിരിക്കണം (അവരുടെ പ്രായത്തിനും ഏതെങ്കിലും പരിമിതമായ രോഗാവസ്ഥകൾക്കും അനുയോജ്യമായത) നിങ്ങളുടെ പക്കൽ ഈ രേഖകൾ ഇല്ലെങ്കിൽ സ്കൂളുമായോ കമ്മ്യൂണിറ്റി കിന്റർഗാർട്ടൻ അധ്യാപകനോടോ സംസാരിക്കുക, അവർക്ക നിങ്ങളെ സഹായിക്കാൻ കഴിയും.

### ടോയ്‌ലെറ്റ പരിശീലനം

വസ്ത്രങ്ങൾ അഴിക്കാനും താഴേക്ക വലിക്കാനും മുകളിലേക്ക ഉയർത്താനും ടോയ്‌ലറ്റ പേപ്പർ ഉപയോഗിക്കാനും ടോയ്‌ലറ്റ ഫ്ളഷ ചെയ്യാനും സ്വയം കൈകഴുകാനും ഏറെ പരിശീലനം നൽകി നിങ്ങളുടെ കുട്ടിയെ സ്വയം ടോയ്‌ലറ്റിൽ പോകുന്നത കൈകാര്യം ചെയ്യാൻ സഹായിക്കുക.

### മെഡിക്കൽ

നിങ്ങളുടെ കുട്ടിക്ക എന്തെങ്കിലും അലർജി/ചികിത്സാ ആവശ്യകതകൾ ഉണ്ടെങ്കിൽ, നിങ്ങൾ ടീച്ചറെ അറിയിക്കണം, അങ്ങനെ അവ കൈകാര്യം ചെയ്യാൻ ഒരു പദ്ധതി തയ്യാറാക്കാം.

**കുട്ടികൾ വിവിധ തലത്തിലുള്ള സ്വയം പരിചരണ കഴിവുകളോടെയാണ സ്കൂൾ ജീവിതം ആരംഭിക്കുക. സ്വാശ്രയത്വവും പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുന്നതിന നിങ്ങളുടെ കുട്ടിയുടെ നിലവിലുള്ള കഴിവുകൾ വികസിപ്പിക്കുക.**

### നിങ്ങളുടെ കുട്ടിക്ക അസുഖം

വരുമ്പോൾ എന്തുചെയ്യണം

നമ്മളെല്ലാം നമ്മുടെ കുട്ടികൾ സൗഖ്യത്തോടെയും ആരോഗ്യത്തോടെയും ഇരിക്കാൻ ആഗ്രഹിക്കുന്നു, അതിനാൽ അവർക്ക അവരുടെ കഴിവിന്റെ പരമാവധി പഠിക്കാൻ കഴിയും.

നിങ്ങളുടെ കുട്ടി രോഗിയാണെങ്കിൽ, എല്ലാവരുടെയും സുരക്ഷിതത്വത്തിനായി അവരെ വീട്ടിൽ തന്നെ നിർത്തുകയും ബദൽ പരിചരണം നൽകുകയോ ചെയ്യേണ്ടത പ്രധാനമാണ.

അസുഖം കാരണം നിങ്ങളുടെ കുട്ടിയെ വീട്ടിൽ നിർത്തുകയാണെങ്കിൽ, ഫോണിലൂടെയോ ടെക്സ്റ്റ മെസേജ വഴിയോ ഇമെയിൽ വഴിയോ നിങ്ങൾ കിന്റർഗാർട്ടനെ അറിയിക്കേണ്ടതുണ്ട.

പകൽ സമയത്ത നിങ്ങളുടെ കുട്ടിക്ക അസുഖം വന്നാൽ, കിന്റർഗാർട്ടൻ നിങ്ങളെ ബന്ധപ്പെടുകയും കുട്ടിയെ വീട്ടിലേക്ക കൊണ്ടുപോകാൻ ആവശ്യപ്പെടുകയും ചെയ്യും.

ഈ കാരണത്താൽ, നിങ്ങളുടെ കുട്ടിയുടെ അടിയന്തിരമായി ബന്ധപ്പെടാനുള്ള വിശദാംശങ്ങൾ അവരുടെ കിന്റർഗാർട്ടൽ പുതുക്കി സൂക്ഷിക്കേണ്ടത പ്രധാനമാണ.

നിങ്ങളുടെ കുട്ടിയുടെ ആരോഗ്യത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക

WA ഹെൽത്ത സന്ദർശിക്കുക അല്ലെങ്കിൽ നിങ്ങളുടെ കുട്ടിയുടെ ഡോക്ടറെ കാണുക. HealthyWA.wa.gov.au



CC BY

# നിങ്ങളുടെ കുട്ടിയുടെ വർഷം

## ഓരോ ദിവസവും പ്രധാനപ്പെട്ടതാണ

കിന്റർഗാർട്ടനിലേക്ക പതിവായി പോകുന്നത നിങ്ങളുടെ കുട്ടി ഓരോ ദിവസവും പഠിക്കുന്ന കാര്യങ്ങൾ വികസിപ്പിച്ചെടുക്കാൻ സഹായിക്കുന്നു. പതിവായി സ്കൂളിൽ പോകുന്ന ശീലം വളർത്തിയെടുക്കുന്നത വളരെ പ്രധാനപ്പെട്ടതാണ, അതുവഴി നിങ്ങളുടെ കുട്ടിക്ക ഭാവിയിലെ പഠനത്തിന ആവശ്യമായ പ്രധാന ആശയങ്ങളും കഴിവുകളും നഷ്ടമാകില്ല. കിന്റർഗാർട്ടൻനിലെ ദിവസങ്ങൾ നഷ്ടപ്പെടുത്തുന്നത കുട്ടികളുടെ സുഹൃത്തുക്കളുമൊത്തുള്ള പഠനവും പ്രവർത്തനങ്ങളും നഷ്ടപ്പെടുത്തുന്നു.

## നിങ്ങൾക്ക ഇനിപ്പറയുന്ന പ്രകാരം സഹായിക്കാം:

- കിന്റർഗാർട്ടനെക്കുറിച്ച അനുകൂലമായി സംസാരിക്കുക, അതുവഴി നിങ്ങളുടെ കുട്ടി എല്ലാ ദിവസവും സന്തോഷത്തോടെ അവിടേക്ക പോകും.
- നിങ്ങളുടെ കുട്ടിയെ സൗഹൃദങ്ങൾ വളർത്തിയെടുക്കുന്നതിന സഹായിക്കാൻ കളിയുടെ തീയതികൾ ക്രമീകരിക്കുക
- കൃത്യസമയത്ത സ്കൂളിൽ എത്തുകയും കുട്ടിയെ കൂട്ടിക്കൊണ്ട പോവുകയും ചെയ്യുക
- സാധ്യമാകുന്നിടത്ത, സ്കൂൾ സമയത്തിന ശേഷമോ
- സ്കൂൾ അവധി ദിവസങ്ങളിലോ ഡോക്ടർമാർ,
- ദന്തഡോക്ടർമാർ, സ്പെഷ്യലിസ്റ്റുകൾ
- എന്നിവരുമായി കൂടിക്കാഴ്ച നടത്തുക
- സ്കൂൾ പ്രവർത്തിക്കുന്ന കാലത്തല്ല, സ്കൂൾ അവധിക്കാലത്ത കുടുംബം അവധിക്കാലം ചെലവഴിക്കുന്നു.

നിങ്ങളുടെ കുട്ടി കിന്റർഗാർട്ടനിൽ പോകാൻ മടി കാണിക്കുകയാണെങ്കിൽ, നിങ്ങളുടെ കുട്ടിയുടെ അധ്യാപകനോടോ സ്കൂൾ പ്രിൻസിപ്പലിനോടോ സംസാരിക്കുക.

## കിന്റർഗാർട്ടൻ സമയം കഴിഞ്ഞുള്ള സമയത്ത നിങ്ങളുടെ കുട്ടിയെ ശ്രദ്ധിക്കുക

**സാധാരണയായി കുട്ടികളുടെ** കിന്റർഗാർട്ടൻ ഉച്ചകഴിഞ്ഞ 3 മണിയോടെ പൂർത്തിയാകും, എന്നിരുന്നാലും സമയം വ്യത്യാസപ്പെടാം.

കിന്റർഗാർട്ടന മുമ്പോ ശേഷമോ നിങ്ങളുടെ കുട്ടിക്ക പരിചരണം ആവശ്യമാണെങ്കിൽ, നിങ്ങൾക്ക ഔട്ട്സൈഡ സ്കൂൾ അവേഴ്സ കെയർ (OSHC) ലഭ്യമാക്കാൻ കഴിഞ്ഞേക്കും. നിങ്ങളുടെ സ്കൂളിൽ/കമ്മ്യൂണിറ്റി കിന്റർഗാർട്ടനിൽ പ്രദേശത്തെ OSHC-യെ കുറിച്ചുള്ള വിവരങ്ങൾ ഉണ്ടായിരിക്കും.

## രക്ഷകർതൃ പിന്തുണ

പരിപോഷിപ്പിക്കുന്ന അന്തരീക്ഷത്തിൽ വളർത്തപ്പെടുമ്പോഴാണ കുട്ടികൾ അഭിവൃദ്ധി പ്രാപിക്കുന്നത. ട്രിപ്പിൾ P - പോസിറ്റീവ പാരന്റിംഗ പ്രോഗ്രാം എല്ലാ രക്ഷിതാക്കൾക്കും സന്തോഷവും ആത്മവിശ്വാസവും ഉള്ള കുട്ടിയെ വളർത്താൻ സഹായിക്കുന്ന ലളിതവും പ്രായോഗികവുമായ തന്ത്രങ്ങൾ നൽകുന്നു.

### അനുകൂലമായ രക്ഷകർതൃത്വത്തിലേക്കുള്ള 5 ഘട്ടങ്ങൾ

1. ഒരു സുരക്ഷിതവും താൽപ്പര്യമുണർത്തുന്നതുമായ അന്തരീക്ഷം സൃഷ്ടിക്കുക
2. ഒരു അനുകൂലമായ പഠന അന്തരീക്ഷം ഉണ്ടായിരിക്കുക
3. അവധാനതയുള്ള അച്ചടക്കം ഉപയോഗിക്കുക
4. യാഥാർത്ഥ്യബോധമുള്ള പ്രതീക്ഷകൾ ഉണ്ടായിരിക്കുക
5. ഒരു രക്ഷിതാവെന്ന നിലയിൽ സ്വയം ശ്രദ്ധ നൽകുക

ഒരു സൗജന്യ ട്രിപ്പിൾ P സെമിനാറിന രജിസ്റ്റർ ചെയ്യുന്നതിനെക്കുറിച്ച നിങ്ങളുടെ സ്കൂളിനോട ചോദിക്കുക അല്ലെങ്കിൽ ഇവിടെ കൂടുതൽ കണ്ടെത്തുക: triplep-parenting.net.au/wa.



CC BY

## നിങ്ങളുടെ ചോദ്യങ്ങൾക്ക ഉത്തരം നൽകാൻ ശരിയായ വ്യക്തിയെ കണ്ടെത്തുക

നിങ്ങളുടെ കുട്ടിയുടെ കിന്റർഗാർട്ടനിലെ അനുഭവത്തെക്കുറിച്ച എന്തെങ്കിലും ചോദ്യങ്ങളുണ്ടെങ്കിൽ, ആദ്യം നിങ്ങളുടെ കുട്ടിയുടെ അധ്യാപകനോട ചോദിക്കുക. സ്കൂൾ പ്രിൻസിപ്പൽമാർക്ക കിന്റർഗാർട്ടൻ പ്രോഗ്രാമിനെക്കുറിച്ചോ നിങ്ങളുടെ കുട്ടിയെക്കുറിച്ചോ ജീവനക്കാരെക്കുറിച്ചോ നിങ്ങൾക്ക ഉണ്ടായേക്കാവുന്ന ചോദ്യങ്ങളോ ആശങ്കകളോ പരിഹരിക്കാനാകും.

കുട്ടികളെ അവരുടെ കഴിവ അല്ലെങ്കിൽ വികാസത്തിന്റെ ഘട്ടം പരിഗണിക്കാതെ തന്നെ, എല്ലാവർക്കും സവിശേഷമായ ശക്തികളും താൽപ്പര്യങ്ങളും പഠിക്കാനുള്ള കഴിവും ഉണ്ട. മാതാപിതാക്കളും പരിചരിക്കുന്നവരും എന്ന നിലയിൽ, നിങ്ങളുടെ കുട്ടിയെ മറ്റാരേക്കാളും നന്നായി നിങ്ങൾക്ക അറിയാം, കൂടാതെ നിങ്ങളുടെ കുട്ടിയുടെ കരുത്തുകളെയും ആവശ്യങ്ങളെയും കുറിച്ചുള്ള നിങ്ങളുടെ അറിവ പങ്കിടുന്നത നിങ്ങളുടെ കുട്ടിക്ക കിന്റർഗാർട്ടനിൽ വിജയകരമായി പങ്കെടുക്കുന്നതിനുള്ള വ്യവസ്ഥകൾ ക്രമീകരിക്കാൻ സഹായിക്കും.

കുട്ടികളുടെയും അവരുടെ കുടുംബങ്ങളുടെയും സാംസ്കാരിക, ഭാഷാ പശ്ചാത്തലത്തെ വിലമതിക്കുകയും ആദരിക്കുകയും ചെയ്യുന്നു. ഒന്നാം ഭാഷയിലുള്ള പ്രാവീണ്യം പൊതുപഠനത്തെയും മറ്റൊരു ഭാഷയുടെയോ ഭാഷാഭേദത്തിന്റെയോ പഠനത്തെയും പിന്തുണയക്കുന്നു, അതിനാൽ മാതൃഭാഷ നിലനിർത്തേണ്ടത പ്രധാനപ്പെട്ട കാര്യമാണ. നിങ്ങളുടെ കുട്ടി വീട്ടിൽ ഇംഗ്ലീഷ അല്ലാതെ മറ്റൊരു ഭാഷ സംസാരിക്കുന്നുണ്ടെങ്കിൽ, അവരുടെ പഠന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി അധ്യാപകനെ അത അറിയിക്കേണ്ടത പ്രധാനമാണ.

നിങ്ങൾ മറ്റൊരു ഭാഷ സംസാരിക്കുകയും ഇംഗ്ലീഷിൽ പ്രാവീണ്യം ഇല്ലാതിരിക്കുകയും ചെയതാൽ, നിങ്ങളുടെ കുട്ടിയുടെ പുരോഗതി ചർച്ച ചെയ്യുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും അല്ലെങ്കിൽ നിങ്ങൾക്ക ഉണ്ടായേക്കാവുന്ന ആശങ്കകൾ പങ്കിടുന്നതിനും ഒരു വ്യാഖ്യാതാവിനെ ഉപയോഗിക്കുന്നതിനെക്കുറിച്ച നിങ്ങളുടെ കുട്ടിയുടെ അധ്യാപകനോട ചോദിക്കുക. ഭൂരിപക്ഷം സ്കൂളുകളും വ്യത്യസ്ത ഭാഷകളിലേക്ക വിവർത്തനം ചെയത ഒരു കൂട്ടം ഡോക്യുമെന്റുകൾ ലഭ്യമാക്കുന്നു - നിങ്ങളുടെ സ്കൂളിന്റെ വെബസൈറ്റ പരിശോധിക്കുക അല്ലെങ്കിൽ നിങ്ങളുടെ സ്കൂൾ/കമ്മ്യൂണിറ്റി കിന്റർഗാർട്ടനിൽ ചോദിക്കുക.

## ഉപകാരപ്രദമായ വെബസൈറ്റുകൾ

**വിദ്യാഭ്യാസ വകുപ്പ WA**
education.wa.edu.au

**AISWA - അസോസിയേഷൻ ഓഫ ഇൻഡിപെൻഡന്റ് സ്കൂൾസ ഓഫ വെസ്റ്റേൺ ഓസ്ട്രേലിയ**
ais.wa.edu.au

**CEWA - കാത്തലിക എജ്യുക്കേഷൻ WA**
cewa.edu.au

**കമ്മ്യൂണിറ്റി കിന്റർഗാർട്ടൻസ**
communitykindys.org.au

**ഹെൽത്തി WA – കുട്ടിക്കാല പ്രതിരോധ കുത്തിവയപ്പ ഷെഡ്യൂൾ**
healthywa.wa.gov.au/Articles/A_E/Childhood-immunisation-schedule

**ട്രിപ്പിൾ P - പോസിറ്റീവ പാരന്റിംഗ പ്രോഗ്രാം**
triplep-parenting.net.au/au-uken/find-help/triple-p-parenting-in-western-australia

**ചൈൽഡ ആൻഡ അഡോളസെന്റ് ഹെൽത്ത സർവീസ**
cahs.health.wa.gov.au

**റെയസിങ്ങ ചിൽഡ്രൻ നെറ്റവർക്ക**
raisingchildren.net.au

**റിഇമാജിൻ ഓസ്ട്രേലിയ (വികാസത്തിൽ കാലതാമസമോ വൈകല്യമോ ഉള്ള കുട്ടികൾക്കുള്ള പിന്തുണ)**
reimagine.org.au

**ഏർലി ഇയേഴ്സ ലേണിംഗ ഫ്രെയിംവർക്ക**
acecqa.gov.au/sites/default/files/2020-05/belonging_being_and_becoming_the_early_years_learning_framework_for_australia.pdf

**കിന്റർഗാർട്ടൻ കരിക്കുലം ഗൈഡലൈൻസ**
k10outline.scsa.wa.edu.au/media/documents/outline_downloads/Western-Australian-Kindergarten-Curriculum-Guidelines-pdf.pdf



CC BY